"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം- ജീവനക്കാര്യം- കയ്യൂർ ഐ.ടി.ഐയിലെ ജൂനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.കെ.കെ.സതീഷിന്റെ അനധികൃത ഹാജരില്ലായ്മ കാലഘട്ടം ശൂന്യവേതനാവധി ആയി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.596/2024/LBR തീയതി,തിരുവനന്തപുരം, 04-06-2024

---

പരാമർശം:-
1. കയ്യൂർ ഐ.ടി.ഐയിലെ ജൂനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.കെ.കെ.സതീഷ് 02/04/2018--ൽ സമർപ്പിച്ച അവധി അപേക്ഷ.
2. ട്രെയിനിംഗ് ഡയറക്ടറുടെ 08/02/2022, 11/05/2022, 19/06/2022, 07/02/024 എന്നീ തീയതികളിലെ ഡി.ടി/4567/2021- എ7 നമ്പർ കത്തുകൾ.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള കയ്യൂർ ഐ.ടി.ഐയിലെ ജൂനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.സതീഷ്.കെ.കെ, അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന 01/04/2017 മുതൽ 02/04/2018 വരെയും 04/04/2018 മുതൽ 25/07/2018 വരെയുമുള്ള കാലയളവ് ക്രമീകരിച്ച് നൽകുന്നതിനായി പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. 01/04/2017 മുതൽ 02/04/2018 വരെയുള്ള അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും, 03/04/2018-ൽ സേവനത്തിൽ പ്രവേശിച്ചു. തുടർന്ന് 04/04/2018 മുതൽ 25/07/2018 വരെ ഹാജരാകാതിരുന്നതിനു ശേഷം 26/07/2018-ലും ടിയാൻ തിരികെ സേവനത്തിൽ പ്രവേശിച്ചതായും, 01/04/2017 മുതൽ 02/04/2018 വരെയുള്ള അനധികൃത ഹാജരില്ലായ്മയ്ക്ക് ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് തീർപ്പാക്കി എന്നും ട്രെയിനിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന കാലയളവിൽ ടിയാൻ വിദേശത്ത് പോകുകയോ ഇന്ത്യക്ക് അകത്തോ പുറത്തോ മറ്റ് ജോലികളിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ലായെന്നും ട്രെയിനിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കയ്യൂർ ഐ.ടി.ഐയിലെ ജൂനിയർ ഇൻസ്ട്രക്ടർ ആയ ശ്രീ.കെ.കെ.സതീഷിന്റെ 01/04/2017 മുതൽ 02/04/2018 വരെയുള്ള കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ.ഭാഗം.1 ചട്ടം 88 പ്രകാരം ശൂന്യവേതനാവധി ആയി ക്രമീകരിച്ച് ഉത്തരവാകുന്നു.

3) ടിയാന്റെ 04/04/2018 മുതൽ 25/07/2018 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ് നിയമനാധികാരി തലത്തിൽ പരിശോധിച്ച് ചട്ടങ്ങൾ പ്രകാരം ക്രമീകരിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.കെ.കെ.സതീഷ്, ജൂനിയർ ഇൻസ്ട്രക്ടർ, ഐ.ടി.ഐ, കയ്യൂർ (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (02/05/2024 -ലെ 2174627/എൽ.ബി.ആർ1/228/2022/ധന നമ്പർ നോട്ട് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usha Rani L
Date: 04-06-2024 17:19:40
സെക്ഷൻ ഓഫീസർ